# 69

# ഉയർത്തെഴുന്നേൽപ്

## (28:1-15)

മത്തായിയുടെ സുവിശേഷ സംഭവങ്ങൾ ഉച്ചസ്ഥായിയിലെത്തുന്നതാണ് ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്, അവൻ വാസ്തവത്തിൽ മരണത്തെ ജയിച്ചു എന്നു തെളിയിക്കുന്നതായിരുന്നു അത് (28:1–7)! ഉയർപ്പിനുശേഷം ക്രിസ്തുവിനെ കണ്ടുമുട്ടിയ സ്ത്രീകൾ അവനെ കുമ്പിട്ടു നമസ്ക്കരിച്ചു. അവനെ കാണുവാൻ ഗലീലക്കു വരുവാനായി ശിഷ്യന്മാരെ അറിയിക്കുവാൻ അവൻ അവരോട് ആവശ്യപ്പെട്ടു (28:8–10). അതിനിടയിൽ, കല്ലറ ശൂന്യമായ വിവരം പുറത്താകാതിരിപ്പാൻ കാവൽക്കാർക്ക് യെഹൂദ മതാദ്ധ്യക്ഷന്മാർ കൈക്കൂലി കൊടുത്തു (28:11–15). ക്രിസ്തു ആധികാരികമായി തന്റെ ശിഷ്യന്മാരെ ഗലീലയിൽ വെച്ചു കാണുകയും അവൻ അവർക്ക് മഹത്തായ ആജ്ഞ - ആത്മിയ രാജ്യത്തിനു വേണ്ടിയുള്ള കൽപനകൾ നൽകുകയും ചെയതതോടെയാണ് മത്തായിയുടെ സുവിശേഷ വിവരങ്ങൾ അവസാനിപ്പിക്കുന്നത് (28:16–20).

### ശൂന്യമായ കല്ലറ (28:1-7)

**1ശബ്ബത്ത് കഴിഞ്ഞ്, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ,
മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും കല്ലറ കാൺമാൻ ചെന്നു. 2പെ
ട്ടെന്ന് വലിയോരു ഭൂകമ്പമുണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗത്തിൽനി
ന്നു ഇറങ്ങിവന്നു കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു. 3അവന്റെ
രൂപം മിന്നലിന്നു ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതും
ആയിരുന്നു. 4കാവൽക്കാർ അവനെ കണ്ടു പേടിച്ചു വിറച്ചു മരിച്ചവരെ പോ
ലെ ആയി. 5ദൂതൻ സ്ത്രീകളോട്, "ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശു
വിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ
ഇല്ല. 6താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം
വന്നു കാൺമിൻ. 7അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു
എന്നു വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറവിൻ."**

**വാക്യം 1.** യേശുവിന്റെ കല്ലറയിലേക്ക് സ്ത്രീകൾ പോയ വിവരം, കാലനിർണ്ണയ കുറിപ്പോടെ പറഞ്ഞിരിക്കുന്നു: **ശബ്ബത്ത് കഴിഞ്ഞ്, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ.** ഏറ്റവും പ്രധാനമായി, അത് യേശു ഉയർത്തെഴുന്നേറ്റ സമയം വ്യക്തമാക്കുന്നു. എൻഈഃബി പറയുന്നു, "ശബ്ബത്ത് കഴിഞ്ഞ്, ഞായറാഴ്ച്ച പ്രഭാതത്തിൽ" എന്നാണ്.

കഴിഞ്ഞ കാലത്ത്, പലരും അത് ഞായറാഴ്ച്ച രാവിലെയല്ല, ശനിയാഴ്ച്ച രാത്രിയാണ് എന്നു വാദിച്ചിരുന്നു. "കഴിഞ്ഞ്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഓപ്സേ*) ചിലപ്പോൾ ക്രിയാവിശേഷണമായി ഉപയോഗിച്ചിരുന്നു, അതിനർത്ഥം "വൈകിയിട്ട്," അല്ലെങ്കിൽ "വൈകുന്നേരമവസാനം" എന്നും തർജിമ ചെയ്യാം. എങ്ങ

നെയായാലും, ഇവിടെ ഉപയോഗിച്ച വാക്കിനർത്ഥം "കഴിഞ്ഞ്" എന്നാണ്.[1] അതിനുപുറമെ, ക്രിയ തർജിമ ചെയ്തിരിക്കുന്നത് "വെളുത്തു തുടങ്ങി" എന്നാണ് (*എപിഫോസ്കോയിൽ* നിന്ന്) അത് പറയുന്നത്, "പ്രഭാതമായി," അല്ലെങ്കിൽ "വെളുപ്പായി" എന്നാണ്. എന്നാൽ "വെളുക്കുമ്പോൾ," "പ്രഭാതത്തിൽ" എന്നതിനോടാണ് സന്ദർഭം യോജിക്കുന്നത്.[2] ബഹുവചനമായ (*സബാറ്റൻ*) വാക്യം 1-ൽ രണ്ടു പ്രാവശ്യം കാണാം. "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം" എന്ന വാക്ക് ആദ്യം "ശബ്ബത്തിനെയും" (ഏഴാം ദിവസം)[3] പിന്നെ സൂചിപ്പിക്കുന്നത് "ആഴ്ച്ച" യെയാണ് (ഏഴ് ദിവസങ്ങൾ).[4]

സ്ത്രീകൾ കല്ലറക്കൽ വന്നത് ശബ്ബത്തിൽ ആയിരുന്നില്ല, കാരണം അന്ന് വിശ്രമദിവസമായിരുന്നു (ലൂക്കൊ. 23:56). അവർ ശബ്ബത്ത് കഴിഞ്ഞ ഉടനെയുമായിരുന്നില്ല വന്നത് (നമ്മുടെ ശനിയാഴ്ച്ച വൈകുന്നേരം), കാരണം അപ്പോൾ ഇരുട്ടാകുമായിരുന്നു. പകരം, അവർ വന്നത് ഞായറാഴ്ച്ച വെളുക്കുമ്പോഴായിരുന്നു. മർക്കൊസിന്റെ വിവരണം അനുസരിച്ച് അവർ വന്നത് "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്ത് സൂര്യൻ ഉദിച്ചപ്പോൾ" ആയിരുന്നു (മർ. 16:2; എൻഐവി). ലൂക്കൊസ് പറയുന്നത്, അവർ "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത് എത്തി" എന്നാണ് (ലൂക്കൊ. 24:1).[5] സ്ത്രീകൾ അതികാലത്ത് വന്നത് – അവർ തങ്ങളുടെ ആദ്യ അവസരം ഉപയോഗിച്ചത് – ക്രിസ്തുവിനോടുള്ള അവരുടെ ആഴമേറിയ ധ്യാനത്തിനായിരുന്നു എന്നു കാണിക്കുന്നു.

അവിടെ **മഗ്ദലക്കാരത്തി മറിയയുടേയും മറ്റെ മറിയയുടേയും** പേരാണ് പറഞ്ഞിരിക്കുന്നത്. അവർ യേശു മരിക്കുന്നത് ദൂരത്തുനിന്നു നിരീക്ഷിക്കുകയും, അവന്റെ ശരീരം അടക്കം ചെയ്തതിന് അവർ സാക്ഷികളാകുകയും ചെയ്തിരുന്നു (27:55, 56, 61 ന്റെ പരാമർശം നോക്കുക). മർക്കൊസിന്റെ ലിസ്റ്റിൽ ശലോമിയേയും ഉൾപ്പെടുത്തിയിരിക്കുന്നു (മർ. 16:1), എന്നാൽ ലൂക്കൊസ് "മറ്റു സ്ത്രീകളിൽ" യോഹന്നായെയും ഉൾപ്പെടുത്തിയിരിക്കുന്നു (ലൂക്കൊ. 24:10; 8:3 നോക്കുക).

**കല്ലറ നോക്കുവാനായിരുന്നു** ആ സ്ത്രീകൾ വന്നത്. പ്രത്യേകിച്ച്, യേശുവിന്റെ ശരീരത്തിൽ സുഗന്ധവർഗം പൂശുവാനായിരുന്നു (മർ. 16:1). യോസേഫും നിക്കൊദേമൊസും അവന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗം പൂശിയിരുന്നു (യോഹ. 19:39, 40), എന്നാൽ, ശബ്ബത്ത് വൈകുന്നേരം 6.00 മണിക്ക് ആരംഭിക്കുന്നതിനു മുൻപ് അടക്കേണ്ടിയിരുന്നതിനാൽ ധൃതിയോടെയാണ് നടത്തിയത്. സ്ത്രീകൾ സുഗന്ധവർഗ്ഗം നന്നായി പൂശുവാനായിരുന്നു ആഗ്രഹിച്ചത്.

അവർ കല്ലറയിലേക്ക് പോകുന്ന വഴി ചിന്തിച്ചത്, കല്ലറവാതിൽക്കൽ വെച്ചിരിക്കുന്ന കല്ല് തങ്ങൾക്ക് വേണ്ടി ആർ മാറ്റിത്തരും എന്നായിരുന്നു (മർ. 16:3). യെഹൂദന്മാരുടെ ആവലാതി മാറ്റുവാൻ പിലാത്തൊസ് കല്ലറക്കൽ കാവൽക്കാരനെ കാക്കുവാനാക്കിയതും, കല്ല് മുദ്രവെച്ച് ഉറപ്പിച്ചതും അവർ അറിഞ്ഞിരിക്കയില്ല (27:62–66). യേശുവിന്റെ ശരീരം കല്ലറയിൽ കാണുമെന്നാണ്, തീർച്ചയായും ആ സ്ത്രീകൾ വിചാരിച്ചത്.

**വാക്യം 2. പെട്ടെന്ന്** എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഇഡോയു*) അടിക്കടി ബോധ്യമാക്കുന്നത് സംഭവങ്ങളുടെ ആവേശത്തെയാണ് (28:2, 7, 9, 11, 20). ആ സമയത്ത്, പ്രദേശം മുഴുവൻ കുലുങ്ങുമാറ് **വലിയോരു ഭൂകമ്പ**മുണ്ടായി. മൈക്കിൾ ജെ. വിൽക്കിൻസ് പറഞ്ഞതനുസരിച്ച്, "പാലസ്തീനിന്റെ ഭൂപ്ര

കൃതിയനുസരിച്ച് ഭൂകമ്പസാധ്യതയുള്ള പ്രദേശമായിരുന്നു.” അത് വാസ്തവമാകുവാൻ കാരണം “അറേബ്യൻ ഉൾക്കടലിന്റെ വടക്ക് കിഴക്കെ ഭാഗത്ത് യോർദ്ദാൻ താഴ്‌വര 680 മൈലുകളോളം നീണ്ടു കിടന്നിരുന്നു”[6] എങ്ങനെയായാലും, അപ്പോൾ സംഭവിച്ച ഭൂകമ്പം സാധാരണയുള്ളതതായിരുന്നില്ല. ഗ്രീക്ക് സംയോജനം **ഫോർ** (*ഗാർ*) എന്നത് കാരണം വ്യക്തമാക്കുന്നു. അതിന്റെ ഉത്തരവാദിത്തം ഒരു **ദൂതനായിരുന്നു**. ബൈബിളിൽ പറഞ്ഞിരിക്കുന്ന ഭൂകമ്പങ്ങൾ പലപ്പോഴും, ദൈവത്തിന്റേയോ ദൂതന്മാരുടേയോ പ്രത്യക്ഷതയെയോ, ന്യായവിധി പ്രവൃത്തികളെയോ ആണ് സൂചിപ്പിക്കുന്നത് (1 രാജാ. 19:12; മത്താ. 24:7; പ്രവൃ. 16:26; വെളി. 6:12; 8:5; 11:13, 19; 16:18).[7] യേശുവിനെ ക്രൂശീകരിച്ചപ്പോഴും, അവൻ ഉയിർത്തെഴുന്നേറ്റപ്പോഴും ഭൂകമ്പമുണ്ടായി (27:51; 28:2).

ഈ കാര്യത്തിൽ, മത്തായിയും മർക്കൊസും ഒരു ദൂതന്റെ കാര്യമാണ് പറയുന്നത്. “വെള്ളവസ്ത്രം ധരിച്ച ... യുവാവ്” എന്നാണ് മർക്കൊസ് പറഞ്ഞിരിക്കുന്നത് (മർ. 16:5). ലൂക്കൊസ്, നേരെ മറിച്ച്, ചിത്രീകരിച്ചിരിക്കുന്നത്, “മിന്നുന്ന വസ്ത്രം ധരിച്ച ... രണ്ടു പുരുഷന്മാർ” എന്നാണ് (ലൂക്കൊ. 24:4). കല്ലറക്കൽ “രണ്ടു പുരുഷന്മാർ സ്ത്രീകളോട് സംസാരിച്ചിരുന്നതായി” ലൂക്കൊസ് വിവരിച്ചിരിക്കുന്നു (യോഹ. 20:12). മറ്റു സുവിശേഷകന്മാർ ഒറ്റകളെ ഉപയോഗിച്ചപ്പോൾ മത്തായി ഇരട്ടകളെയും ഉപയോഗിച്ചിരുന്നു (8:28; 20:30; 21:2 ന്റെ പരാമർശങ്ങൾ നോക്കുക).

എന്തുകൊണ്ടാണ് ആ വ്യത്യാസം? മത്തായിയും മർക്കൊസും സന്ദേശത്തിന്റെ മുഖ്യവശം സംസാരിച്ചത് ഏക ദൂതനായിരുന്നു എന്നു പറയുമ്പോൾ, ലൂക്കൊസ് രണ്ടു ദൂതന്മാർ സ്ത്രീകളോട് സംസാരിച്ചു എന്നു പറയുന്നു (ലുക്കൊ. 24:5). അവർ നൽകിയത് വ്യത്യസ്ത കാഴ്ചപ്പാടുകളായിരുന്നു, വ്യത്യസ്തരായ പല ആളുകളും, രണ്ടു ദൂതന്മാരും. ഒരുപക്ഷെ ഒരു ദൂതൻ പ്രമുഖമായ ഒരു സ്ഥാനത്തും, മറ്റെ ദൂതൻ പ്രാധാന്യമില്ലാത്ത സ്ഥാനത്തും നിന്നിരിക്കാം. ഓരോ ദൂതനും ഒരേ സമയത്തോ അല്ലെങ്കിൽ ഓരോ സമയത്ത് സംസാരിച്ചിരിക്കാം. നാലു സുവിശേഷകന്മാരും മുഖ്യമായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ട്.

ദൂതൻ **സ്വർഗത്തിൽ നിന്നും ഇറങ്ങിവന്ന് കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു** (27:60 ന്റെ പരാമർശം നോക്കുക). ദൂതന്റെ ശക്തി - വലിയ ശക്തിയായിരുന്നു - ഭൂകമ്പമുണ്ടായതിനും കല്ല് മാറിയതിനും പിന്നിൽ പ്രവർത്തിച്ചത്. കല്ല് ആ സ്ഥാനത്തുനിന്നും മാറ്റിയപ്പോൾ റോമാക്കാർ കല്ലിൽ പതിച്ചിരുന്ന മുദ്രയും പോയി (27:66 ന്റെ പരാമർശങ്ങൾ നോക്കുക). പ്രവേശന കവാടത്തിൽനിന്ന് ആർ കല്ല് മാറ്റുമെന്ന സ്ത്രീകളുടെ ഉൽക്കണ്ഠക്കും ദൂതൻ പരിഹാരം വരുത്തി (മർ. 16:3). ദൈവത്തിന്റെ മുഖ്യ ഉദ്ദേശവും, അധികാരവും പൂർത്തിയാക്കിയ സൂചനയാണ് ദൂതൻ കല്ലിന്മേൽ ഇരുന്നതു സൂചിപ്പിക്കുന്നത്.

**വാക്യം 3.** ദൂതന്റെ **രൂപം മിന്നൽ പോലെ ആയിരുന്നു, അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതുമായിരന്നു** (മർ. 16:5; ലൂക്കൊ. 24:4: യോഹ. 20:12 നോക്കുക). ദൂതന്റെ ശോഭയെയാണ് മത്തായി ബന്ധപ്പെടുത്തി വിവരിച്ചത്. “മിന്നൽ” “സ്വർഗിയ വ്യക്തികളുടെ സാന്നിധ്യത്തെയും” (ദാനി. 10:6), സാത്താന്റെ വീഴ്ച്ചയേയും (ലൂക്കൊ. 10:18) മനുഷ്യപുത്രന്റെ ആവിർഭാവത്തെയും (മത്താ. 24:27).[8] തിരുവെഴുത്തിൽ, വെള്ള വസത്രം പ്രതിനിധീകരിക്കുന്നത് വിശുദ്ധിയും നിർമ്മലതയുമാണ് (ദാനി. 7:9; മത്താ. 17:2; വെളി. 3:4, 5, 18: 4:4;

6:11; 7:9, 13, 14; 19:14). "ഹിമം പോലെ വെളുത്ത" എന്നതും ബൈബിളിലെ പൊതുവായ താരതമ്യമായിരുന്നു (സങ്കീ. 51:7; യെശ. 1:18; ദാനി. 7:9; വെളി. 1:14).

**വാക്യം 4.** കല്ലറ കാത്തുകൊണ്ടിരുന്ന **കാവൽക്കാർ** [ദൂതനെ] **കണ്ട് ഭയന്ന് വിറെച്ചു മരിച്ചവരെ പോലെയായി** (വെളി. 1:17 നോക്കുക). ഇവിടെയാണ് റോബർട്ട് എച്ച്.ഗൺഡ്രി പറഞ്ഞതുപോലെ "ക്രമവിരുദ്ധ വൈപരീത്യം, മരിച്ച യേശു ജീവിക്കയും കാവൽക്കാർ മരിച്ചവരെ പോലെ ആകുകയും ചെയ്തു."[9] പിന്നിട്, അവർക്ക് ബോധം വീണ്ടുകിട്ടിയപ്പോൾ അവരിൽ ചിലർ യെരുശലേമിൽ ചെന്ന് മഹാപുരോഹിതന്മാരോട് സംഭവിച്ചതെല്ലാം പറഞ്ഞു (28:11).

**വാക്യം 5. സ്ത്രീകൾ** കല്ലറെക്കൽ എത്തിയപ്പോൾ കല്ല് ഉരുട്ടി മാറ്റിയതായി കണ്ടപ്പോൾ അവർക്ക് എത്രമാത്രം അതിശയമുണ്ടായി കാണും! യേശുവിനു പുറത്തുപോകുവാനായി കല്ല് ഉരുട്ടി മാറ്റിയതല്ല; കല്ല് അവിടെ ഉണ്ടായിരുന്നപ്പോൾ തന്നെ അവൻ പുറത്തു പോയിരിക്കും.[10] എന്നാൽ കല്ല് മാറ്റിയത് ശിഷ്യന്മാർക്ക് പ്രവേശിക്കേണ്ടതിനായിരുന്നു! സ്ത്രീകൾ കല്ലറക്കൽ എത്തിയപ്പോൾ, യേശുവിന്റെ ശരീരം അവിടെ കണ്ടില്ല. അവർ "അതിനെ കുറിച്ച് വിചാരിച്ചു ചഞ്ചലിച്ചു" (ലൂക്കൊ. 24:3, 4).

**ദൂതൻ** സ്ത്രീകളോട് വീണ്ടും ഉറപ്പിച്ചു പറഞ്ഞു, **"ഭയപ്പെടേണ്ട."** പല അവസരങ്ങളിലും, ദൂതന്മാർ അവരുടെ വാക്കുകൾ ഉത്തേജിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്നു (1:20; ലൂക്കൊ. 1:13, 30; 2:10). ദൈവത്തിന്റെ സന്ദേശവാഹകരായി വന്നവർ, നീതിമാന്മാരെ ഭയപ്പെടുത്തേണ്ടതിനല്ല വന്നത്,[11] പകരം, ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് സകലവും നന്മക്കായി പ്രവർത്തിക്കുമെന്ന ആശ്വാസം പകരുന്നതിനായിരുന്നു. അതിനെതിരാണ് ആകാംക്ഷയും ഭയവും, അപ്പോൾ നാം ദൈവത്തിൽ ആശ്രയിക്കുകയാണ് വേണ്ടത്.

ദൂതൻ തുടർന്നു, "**നിങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു.**" ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരം അന്വേഷിച്ചാണ് ആ സ്ത്രീകൾ വന്നതെന്ന് അവൻ അറിഞ്ഞിരുന്നു (1 കൊ. 1:23; 2:2; ഗലാ. 3:1).

**വാക്യം 6.** യേശുവിന്റെ ശരീരം യോസേഫ് അടക്കുന്നതിനു സാക്ഷിയായിരുന്ന സത്രീകൾ (27:61) ഇപ്പോൾ കാണുന്നത് ശൂന്യമായ കല്ലറയാണ്. വിട്ടുപോയ വിവരം ദൂതൻ പൂരിപ്പിച്ചുകൊടുത്തു: **"അവൻ ഉയിർത്തെഴുന്നേറ്റു."** ഗ്രീക്ക് ക്രിയ (*യെഗെർത്തേ; യെഗെയിരോ* യിൽനിന്ന്) നിഷ്ക്രിയമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയെ അന്തർലീനമാക്കുകയാണ്. "അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു" എന്നാണ് ചില തർജിമകളിൽ (ടിഇൗവി; എൻഇൗബി; എൻആർഎസ്വി; എൻഎൽടി; ജെഎൻടി). സിഇൗവിയിലെ തർജിമ ഈ ആശയത്തെ വ്യക്തമാക്കുകയാണ് "ദൈവം അവന് ജീവൻ നൽകി ഉയർപ്പിച്ചു." യെഹൂദ അദ്ധ്യക്ഷന്മാർ സമാധാന പ്രഭുവായിരുന്ന യേശുവിനെ ക്രൂശിച്ചു കൊന്നു; എന്നാൽ ദൈവമോ അവനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചു (പ്രവൃ. 3:14, 15).

വാസ്തവത്തിലുള്ള യേശുവിന്റെ ശരീരം എപ്പോഴാണ് ആത്മാവുമായി ചേരുന്നതെന്ന്, അവന്റെ ഉയർപ്പ് വിശദമായി സുവിശേഷകന്മാർ വിവരിക്കുന്നില്ല. അവന്റെ ശരീരത്തിൽ ചുറ്റിയിരുന്ന വസ്ത്രങ്ങൾ നീങ്ങിയതിനെ കുറിച്ചും അവർ വിവരിക്കുന്നില്ല (സി. യോഹ. 20:4–7), അല്ലെങ്കിൽ അവൻ കല്ലറയിൽനിന്നു പറുത്തു കടന്നതിനെ കുറിച്ചും വിവരിക്കുന്നില്ല. പകരം, അവർ വിവരി

ക്കുന്നത് (1) കല്ലറ ശൂന്യമായിരുന്നു, (2) യേശു, വീണ്ടും ജീവിച്ചിരിക്കുന്നു, (3) അവന്റെ ഉയിർത്തെഴുന്നേൽപ്പ് ഉറപ്പിക്കുന്ന നടപടിയായിരുന്നു.

**അവൻ പറഞ്ഞതുപോലെ** എന്ന പ്രയോഗം സൂചിപ്പിക്കുന്നത് യേശുവിന്റെ ആവർത്തിച്ചുള്ള പ്രവചന നിവർത്തീകരണമായിരുന്നു ഉയർത്തെഴുന്നേൽപ് എന്നാണ് (27:62, 63 ന്റെ പരാമർശം നോക്കുക). അവർക്ക് സഹിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, അവൻ തന്റെ ശിഷ്യന്മാരോട് എപ്പോഴും സത്യം മാത്രമായിരുന്നു പറഞ്ഞിരുന്നത് (16:21–23; 26:21, 22, 31–35). മരണത്തെ കുറിച്ചും ഇയർത്തെഴുന്നേൽപിനെ കുറിച്ചും അവൻ തന്റെ ശിഷ്യന്മാരോട് മുന്നറിയിച്ചിരുന്നത് അവൻ വാസ്തവത്തിൽ ജീവിതത്തിലേക്ക് തിരിച്ചുവന്നപ്പോൾ ക്രമേണ അവർക്ക് വിശ്വാസമായി (ലൂക്കൊ. 24:6, 8).

സ്ത്രീകൾ ചെന്ന് ആദ്യം കല്ലറയിൽ നോക്കി ഒന്നും കാണാതിരുന്നത് സ്പഷ്ടമായിരുന്നുവെങ്കിലും (ലൂക്കൊ. 24:3), ദൂതൻ അവരോട് ശരിയായി കല്ലറ പരിശോധിക്കുവാൻ ദൂതൻ ആവശ്യപ്പെട്ടു: "**അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ.**" ക്രിസ്തുവിന്റെ ശരീരം അവിടെ ഉണ്ടോ എന്ന സംശയം ഒന്നും ബാക്കിവെക്കുവാൻ അവൻ അവരെ അനുവദിച്ചില്ല.

യേശുവിന്റെ ശുശ്രൂഷാവേളയിൽ – പല ഉയർത്തെഴുന്നേൽപുകളെ കുറിച്ചും ബൈബിൾ പറയുന്നുണ്ടെങ്കിലും – അവന്റെ ഉയർത്തെഴുന്നേൽപ്പ് പ്രത്യേകതയുള്ളതാണ്. മുൻപ് ഉയർത്തെഴുന്നേറ്റവർ രണ്ടാമത് വീണ്ടും മരിച്ചു. എന്നാൽ വീണ്ടും മരിക്കാതിരിക്കേണ്ടതിനായിരുന്നു യേശു ഉയിർത്തെഴുന്നേറ്റത് (റോമർ 6:9). എല്ലാ വിശ്വാസികളായിരുന്ന യെഹൂദന്മാരും അവരുടേയും എല്ലാവരുടേയും ശാരീരിക ഉയർത്തെഴുന്നേൽപ് പ്രതീക്ഷിച്ചിരുന്നു; ആ ഞായറാഴ്ച്ച കാലത്ത് കാത്തിരിപ്പിനു വിരാമമിട്ടുകൊണ്ട് യേശു ആദ്യഫലമായിതീർന്നു (1 കൊ. 15:20, 23).[12] അതു സത്യമായിരിക്കെ, ക്രിസ്തുവിനെ വിശ്വസിച്ച് അനുസരിക്കുന്നവർക്കാണ് *നിത്യജീവൻ* എന്ന് ഓർമ്മിക്കുക (1 കൊ. 15:57, 58).

**വാക്യം 7**. സത്രീകളോട് ദൂതൻ പറഞ്ഞത്, യേശു വീണ്ടും ജീവിച്ചിരിക്കുന്നു എന്ന് **പോയി വേഗം ശിഷ്യന്മാരോട് അറിയിക്കുവാനായിരുന്നു**. ദൈവിക സന്ദേശവാഹകൻ പത്രൊസിനെ പ്രത്യേകമായി എടുത്തു പറയുന്നു (മർ. 16:7). മൂന്നു പ്രാവശ്യം അവൻ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞശേഷം അവന്നു പ്രത്യാശ നൽകുന്നതിനു വേണ്ടിയായിരുന്നു എന്ന കാര്യത്തിൽ സംശയമില്ലായിരുന്നു (മത്താ. 26:69–75).

[അവർക്കു] **മുൻപായി** യേശു **ഗലീലക്ക് പോകുന്നു** എന്ന വാർത്തയും സ്ത്രീകൾ ശിഷ്യന്മാരെ അറിയിക്കേണ്ടിയിരുന്നു. മർക്കൊസ് 16:7–ൽ "അവൻ നിങ്ങളോട് പറഞ്ഞതുപോലെ" എന്ന വാക്കും ഉൾപ്പെടുത്തിയിരിക്കുന്നു. ആ നിർദ്ദേശം യേശു മരിക്കുന്നതിനു മുൻപ് ശിഷ്യന്മാർക്ക് നൽകിയിരുന്നു (26:32 ന്റെ പരാമർശം നോക്കുക).

കർത്താവും അവന്റെ അപ്പൊസ്തലന്മാരും പരിചയമുള്ള സ്ഥലത്തായിരുന്നു കണ്ടുമുട്ടുന്നത് – അവൻ ഏർപ്പെടുത്തിയ മലയിൽ വെച്ച് (28:16). അവരെല്ലാവരും താമസിച്ചിരുന്ന സ്ഥലമായിരുന്നു ഗലീലി. അവിടെ താമസിച്ചുകൊണ്ടായിരുന്നു യേശുവിന്റെ മിക്ക ശുശ്രൂഷകളും നടത്തിയിരുന്നത്. അവിടെ യെരുശലേം നേതാക്കളുടെ ശല്യമൊന്നും ഉണ്ടായിരിക്കുകയില്ല.

## വിസ്മയിക്കപ്പെട്ട സാക്ഷികൾ
## (28:8-10)

**[8]അങ്ങനെ അവർ വേഗത്തിൽ ഭയത്തോടും മഹാ സന്തോഷത്തോടും കൂടി കല്ലറ വിട്ടു അവന്റെ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി. [9]എന്നാൽ യേശു അവരെ എതിരേറ്റു; "നിങ്ങൾക്കു വന്ദനം" എന്നു പറഞ്ഞു. അവർ അടുത്തുചെന്നു [10]അവന്റെ കാൽ പിടിച്ചു അവനെ നമസ്ക്കരിച്ചു. യേശു അവരോട്, "ഭയപ്പെടേണ്ടാ, നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലെക്ക് പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു."**

**വാക്യം 8.** എതിരായ വികാരങ്ങളോടുകൂടി, **സ്ത്രീകൾ വേഗം കല്ലറ വിട്ടുപോയി.** മർക്കൊസ് 16:8 പറയുന്നു, "അവർക്ക് വിറയലും ഭ്രമവും പിടിച്ചു; അവർ കല്ലറ വിട്ട് ഓടിപ്പോയി; അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല." അവർ ദൂതന്മാരെ കണ്ടതിനാലും, ഉയർത്തെഴുന്നേൽപ് എന്ന അതിശയ വാർത്ത കേൾക്കയാലും അവർ **ഭയപ്പെട്ടു**പോയി. അത് അവരിൽ ഭയഭക്തി ഉയർത്തി. ക്രിസ്തു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റു എന്ന അത്ഭുതകരമായ വാർത്തയായിരുന്നു അവർ കേട്ടത് (28:6), കൂടാതെ അത് അവരിൽ **മഹാ സന്തോഷവും** ജനിപ്പിച്ചു, അതുവരെയും അവർ യേശുവിനെ കണ്ടില്ലെങ്കിലും, ശൂന്യമായ കല്ലറയും ദൂതന്റെ സാക്ഷ്യവും അവരിൽ ഈ വികാരങ്ങൾ ഉണർത്തി. അതിന്റെ ഫലമായി, സ്ത്രീകൾ ആ **വിവരം ശിഷ്യന്മാരെ അറിയിക്കുവാനായി ഓടി.**

**വാക്യം 9.** വഴിയിൽ വെച്ച് യേശു അവരെ **കാണുകയും, വന്ദനം ചെയ്യുകയും ചെയ്തു.** ഈ സമയത്ത്, അവർക്ക് നേരിട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുവാനുള്ള ഭാഗ്യമുണ്ടായി. അവർ ശിഷ്യന്മാരെ കണ്ടപ്പോൾ, ഉയർത്തെഴുന്നേറ്റ വിവരം, അവരുടെ സാക്ഷ്യം രണ്ടാമത്തേതായിരുന്നുവെങ്കിലും, ആറിയിപ്പ് ആദ്യത്തേതായിരുന്നു.

സ്ത്രീകൾ ചെന്ന് അവന്റെ കാൽപിടിച്ചു അവനെ നമസ്ക്കരിച്ചു. "നമസ്ക്കരിച്ചു" (*പ്രോസ്കുനെയോ*) എന്ന വാക്ക് മത്തായിയുടെ പുസ്തകത്തിൽ പതിമൂന്നു പ്രാവശ്യം കാണാം. ചിലപ്പോൾ അത് ബഹുമാനസൂചകമായി കാൽക്കൽ വീഴുന്നതിന് സൂചിപ്പിച്ചിരിക്കുന്നു. മറ്റുള്ള സമയത്ത് അത് ആത്മിയമായ ആരാധനെ സൂചിപ്പിക്കുന്നതാണ്. 9 ഉം 17 ഉം വാക്യങ്ങളിൽ, രണ്ടാമത് പറഞ്ഞ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (2:2 ന്റെ പരാമർശം നോക്കുക). യേശുവിന് അത്തരം ആദരവ് ലഭിച്ചത് അവൻ ദൈവം ആകയാലാണ് (14:33). അതിൽനിന്നു വ്യത്യസ്തമായി പുതിയ നിയമത്തിൽ, ദുതന്മാരും മനുഷ്യരും അത്തരം കുമ്പിടൽ നിരസിച്ചിരുന്നു (പ്രവൃ. 10:25, 26; 14:11–15; വെളി. 22:8, 9).

**വാക്യം 10.** ദൂതൻ അവർക്ക് നൽകിയ സന്ദേശം ശിഷ്യന്മാരെ അറിയിക്കുവാനായിരുന്നു യേശു സ്ത്രീകളോട് പറഞ്ഞത് (28:7): "**ഭയപ്പെടേണ്ടാ, നിങ്ങൾ പോയി എന്റെ സഹോദരന്മാരോട്, ഗലീലക്ക് പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു.**" യേശു ഉയർത്തെഴുന്നേറ്റു എന്ന സുവിശേഷം *സ്ത്രീകളാണ്* ആദ്യം ആളുകളോട് അറിയിച്ചത് എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ആ വിശദീകരണം സുവിശേഷത്തിന്റെ കൃത്യത

വെളിവാക്കുന്നു. ഡഗ്ലസ് ആർ. ഏ. ഹെയർ പറഞ്ഞു, “യെഹൂദ കോടതികളിൽ സ്ത്രീകളെ സാക്ഷികളായി പരിഗണിക്കാത്തതിനാൽ, സുവിശേഷം അറിയിക്കുവാൻ സ്ത്രീകളെ നിയോഗിച്ചത് പുറത്തുള്ളവരെ പ്രസാദിപ്പിക്കുവാനായിരുന്നില്ല എന്ന് സ്പഷ്ടം.”[13]

യേശു ഈ സ്ത്രീകളെ കണ്ടതിനുശേഷം യെരുശലേമിൽ എന്തു സംഭവിച്ചു എന്നു മത്തായി വിശദമാക്കുന്നില്ല. ആ സംഭവങ്ങളെ കുറിച്ച് മറ്റു സുവിശേഷങ്ങൾ ചില രേഖകൾ വെളിപ്പെടുത്തുന്നു, പക്ഷെ അവയുടെ കാലനിർണ്ണയം പുനസംഘടിപ്പിക്കുവാൻ പ്രയാസമാണ്.

ശിഷ്യന്മാർ ഗലീലയിൽ പോയി യേശുവിനെ കണ്ടെങ്കിലും (28:16), അവർ ചുരുങ്ങിയത് ഒരാഴ്ച്ച കൂടെ യെരുശലേമിൽ തന്നെ താമസിച്ചിരുന്നു – അങ്ങനെ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞു. ഈ കാലയളവിൽ യേശു അവർക്ക് പല പ്രാവശ്യം പ്രത്യക്ഷമായതായി മറ്റു സുവിശേഷങ്ങൾ പറയുന്നു. അവന്റെ ഉയർത്തെഴുന്നേൽപിനും സ്വർഗാരോഹണത്തിനും ഇടക്ക് വേറെയും പല പ്രത്യക്ഷതകൾ അവൻ നടത്തിയിരുന്നു (പ്രവൃ. 1:3).

| **നാൽപതു-ദിവസ കാലയളവിൽ ക്രിസ്തുവിന്റെ ഉയർപ്പിനു-ശേഷമുള്ള പ്രത്യക്ഷതകൾ** | |
|---|---|
| 1. കല്ലറക്കൽ വെച്ച് മഗ്ദലനക്കാരത്തി മറിയക്ക് | മർ. 16:9-11<br>യോഹ. 20:11-18 |
| 2. കല്ലറ വിട്ട സ്ത്രീകൾക്ക് | മത്താ. 28:8-10 |
| 3. യെരുശലേമിൽ പത്രൊസിന് | ലൂക്കൊ. 24:34<br>1 കൊ. 15:5 |
| 4. എമ്മവുസിലേക്കുള്ള വഴിയിൽ രണ്ട് ശിഷ്യർക്ക് | മർ. 16:12, 13<br>ലൂക്കൊ. 24:13-32 |
| 5. യെരുശലേമിൽ മാളികമുറിയിലെ<br>പത്തു ശിഷ്യർക്ക് (തോമസ് ഒഴിച്ച്) | മർ. 16:14;<br>ലൂക്കൊ 24:36-43<br>യോഹ. 20:19-25 |
| 6. യെരുശലേമിലെ മാളികമുറിയിൽ വെച്ച്പതിനൊന്ന് അപ്പൊസ്തലന്മാർക്ക് (തോമസടക്കം) | യോഹ. 20:26-29<br>1 കൊ. 15:5 |
| 7. ഗലീലാ കടലിനടുത്ത് ഏഴ് ശിഷ്യന്മാർക്ക് | യോഹ. 21:1-23 |
| 8. ഗലീലയിലെ മലയിൽവെച്ച് ഏഴുശിഷ്യർക്ക് | മത്താ. 28:16-20<br>മർ. 16:15-18 |
| 9. 500-ൽ അധികം ശിഷ്യന്മാർക്ക് | 1 കൊ. 15:6 |
| 10. യാക്കൊബിന്നും കർത്താവിന്റെ സഹോദരനും | 1 കൊ. 15:7 |
| 11. ഒലിവ് മലയിൽ വെച്ച് | മർ. 16:19<br>ലൂക്കൊ. 24:44-53<br>പ്രവൃ. 1:3-8<br>1 കൊ. 15:7 |

## തെറ്റായ വിവരം
## (28:11-15)

**[11]അവർ പോകുമ്പോൾ കാവൽക്കൂട്ടത്തിൽ ചിലർ നഗരത്തിൽ ചെന്നു സംഭവിച്ചത് എല്ലാം മഹാപുരോഹിതന്മാരോട് അറിയിച്ചു. [12]അവർ ഒന്നിച്ചു കൂടി മൂപ്പന്മാരുമായി ആലോചന കഴിച്ചിട്ട് പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു. [13]"അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടു പോയി എന്നു പറവിൻ. [14]വസ്തുത നാടുവാഴിയുടെ സന്നിധാനത്തിൽ എത്തിയെങ്കിലോ, ഞങ്ങൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ നിർഭയരാക്കിക്കൊള്ളാമെന്ന്" പറഞ്ഞു. [15]അവർ പണം വാങ്ങി ഉപദേശപ്രകാരം ചെയ്തു. ഈ കഥ ഇന്നുവരെ യെഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പായിരിക്കുന്നു.**

യേശുവിന്റെ കല്ലറ കാപ്പാൻ റോമൻ കാവൽക്കാരനെ ആക്കിയതായി മത്തായി മാത്രമാണ് പറയുന്നത് (27:62–66). ദൂതനെ കണ്ട് അവർ ഭയപ്പെട്ടതായും മത്തായി പറയുന്നു (28:4). ആ തെറ്റായ വിവരം അവർ യെഹൂദന്മാർക്കിടയിൽ പ്രചരിപ്പിച്ചു (28:11–15).

**വാക്യം 11.** [റോമൻ] പടയാളികളായിരുന്ന ചില **കാവൽക്കാർ** – ആദ്യ ഞെട്ടലിൽനിന്നു മുക്തരായപ്പോൾ (28:4) – സംഭവിച്ചതെല്ലാം **മഹാപുരോഹിതന്മാരെ** ചെന്ന് അറിയിച്ചു. നാടുവാഴിയായിരുന്ന പിലാത്തൊസ് ആ പടയാളികളെ മഹാപുരോഹിതന്മാരുടെ അധികാരത്തിൻകീഴിൽ പ്രവർത്തിപ്പാനാണ് നിയോഗിച്ചത് (27:62, 65, 66). അതുകൊണ്ടാണ് അവർ സംഭവിച്ചത് അവരെ അറിയിച്ചത്. അതിനു പുറമെ, അവർ യേശുവിന്റെ ശരീരം പുറത്തുപോകാതെ സൂക്ഷിക്കാതിരുന്നതിനാൽ അവരുടെ മേലധികാരികളോട് ചെന്ന് അറിയിക്കുവാനും ഭയപ്പെട്ടുകാണും. ശരീരം കട്ടുകൊണ്ട് പോയിരുന്നില്ലെങ്കിലും, സംഭവിച്ച സത്യം റോമൻ അധികാരികളെ ബോധ്യപ്പെടുത്തുക പ്രയാസമായിരുന്നു.[14]

പടയാളികൾ ചെന്ന് **സംഭവിച്ചതെല്ലാം** മഹാപുരോഹിതന്മാരെ അറിയിച്ചു. "എല്ലാം" എന്ന വാക്കുകൊണ്ട് മത്തായി ഉദ്ദേശിച്ചതെന്താണ്? അവർക്ക് തോന്നിയ ഭൂമികുലുക്കവും, ദൂതനെ കണ്ടതും, കല്ലറ ശൂന്യമായി കണ്ടതും അറിയിച്ചിരിക്കും (28:4). ഒരുപക്ഷെ ദൂതൻ സ്ത്രീകളോട് സംസാരിക്കുന്നതും അവർ കേട്ടിരിക്കാം: "അവൻ ഇവിടെ ഇല്ല, അവൻ പറഞ്ഞതുപോലെ, ഉയർത്തെഴുന്നേറ്റിരിക്കുന്നു" (28:6).

**വാക്യങ്ങൾ 12, 13.** പടയാളികളുടെ വിവരം ലഭിച്ചപ്പോൾ, മഹാപുരോഹിതന്മാർ **മൂപ്പന്മാരുമായി കൂടിയാലോചിച്ചു**. മുൻകരുതലുകളെല്ലാം എടുത്തിട്ടും, അവർ ഭയപ്പെട്ടതു തന്നെ സംഭവിച്ചു (27:64–66). ശരീരം പോയിരിക്കുന്നു, കല്ലറ ശൂന്യമായിരിക്കുന്നു, യേശു ഉയർത്തിരിക്കുന്നു എന്നതാണ് വിവരം. കല്ലറ ശൂന്യമായിരുന്നതിന് കാവൽക്കാർ തന്നെ സാക്ഷികളാണ്, അവരുടെ വിവരം തള്ളിക്കളയാവുന്നതല്ല.[15]

യെഹൂദ മതാദ്ധ്യക്ഷന്മാർ കൂടിയാലോചിച്ചശേഷം, സംഭവം കൈക്കൂലി കൊടുത്തു ഒതുക്കാമെന്ന് വിചാരിച്ചു. **അവർ പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു**. "വേണ്ടുവോളം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അർഗൂരിയ ഹൈകാനാ*) "മതിയായത്ര വെള്ളി" അല്ലെങ്കിൽ "വേണ്ടുവോളം പണം"

എന്നും തർജിമ ചെയ്യാം. വേറൊരു വാക്കിൽ പറഞ്ഞാൽ, "മതിയായത്ര കൈക്കൂലി" എന്നർത്ഥം (എൻഇഎബി), അത് ആ മനുഷ്യരെ തൃപ്തിപ്പെടുത്തിയിരിക്കും. അതിനു പകരമായി പടയാളികൾ വ്യാജപ്രചരണം നടത്തണമെന്നു ആവശ്യപ്പെട്ടു, "**ഞങ്ങൾ ഉറങ്ങുമ്പോൾ, അവന്റെ ശിഷ്യന്മാർ വന്ന് ശരീരം കട്ടുകൊണ്ടുപോയി**." ശൂന്യമായ കല്ലറക്ക് – ഈ വിശദീകരണം – ആരും നിഷേധിക്കാത്തതും–മതിയായതുമാണെന്നായിരുന്നു ആ അദ്ധ്യക്ഷന്മാർ കരുതിയത്.

ശിഷ്യന്മാരുടെ മനോഭാവം വെച്ച് ആ വ്യാജ പ്രചരണം എത്ര പരിഹാസ്യമാണെന്ന് തെളിയുന്നു. യേശുവിനെ പിടിച്ചുകഴിഞ്ഞപ്പോൾ, അവന്റെ ശിഷ്യന്മാരെല്ലാം ഭയന്നു ഓടി പോയിരുന്നു (26:56). അവനെ വിചാരണ ചെയ്യുന്നതു ദൂരെ നിന്നു വീക്ഷിച്ചുകൊണ്ടിരുന്ന പത്രൊസ് മൂന്നു പ്രാവശ്യം അവനെ തള്ളിപ്പറഞ്ഞിരുന്നു (26:69–75). അവനെ ക്രൂശിൽ തറെച്ചപ്പോൾ, ശിഷ്യന്മാർ നിരാശയും തെറ്റിദ്ധാരണയുമുള്ളവരായിരുന്നു (ലൂക്കൊ. 24:21). യേശു ഉയർത്തെഴുന്നേറ്റു എന്നു കേട്ടിട്ടും അവർ ഭയന്നു വാതിലടച്ചിരുന്നു (യോഹ. 20:19, 26). യേശുവിന്റെ ശരീരത്തെ സംബന്ധിച്ച് റോമൻ കാവൽക്കാരെ വെല്ലുവിളിക്കുന്ന അവസ്ഥയിലായിരുന്നില്ല അവരാരും. അവന്റെ ശരീരം മോഷ്ടിച്ച് അവൻ ഉയർത്തെഴുന്നേറ്റു എന്ന് അവർ അവകാശപ്പെടുകയില്ല, കാരണം അവർ അപ്പോഴും ഭൗതികമായ ഒരു രാജ്യമായിരുന്നു പ്രതീക്ഷിച്ചിരുന്നത് (26:51; പ്രവൃ. 1:6)

**വാക്യം 14**. ആ കാവൽക്കാർ ഉറങ്ങി കല്ലറ സൂക്ഷിക്കാതിരുന്നാൽ ആ കുറ്റത്തിന് അവരുടെ ജീവൻ പോലും നഷ്ടപ്പെട്ടേക്കും. ഈ വ്യാജപ്രചരണം **നാടുവാഴിയുടെ ചെവിയിലെത്തിയാൽ**, പിലാത്തൊസ് അവരെ ശിക്ഷിക്കാതിരിപ്പാൻ ആവശ്യമായത് ചെയ്തുകൊള്ളാമെന്ന് അദ്ധ്യക്ഷന്മാർ അവർക്ക് ഉറപ്പു കൊടുത്തു.

**വാക്യം 15**. കാവൽക്കാർ ആ **പണം സ്വീകരിച്ചു അവരോടു പറഞ്ഞതുപോലെ ചെയ്തു**. അതിന്റെ ഫലമായി, **ആ കഥ യെഹൂദന്മാരുടെ ഇടയിലെല്ലാം പ്രചരിച്ചു**. ആ വ്യാജപ്രചരണം ആളുകൾ വിശ്വസിച്ചതെന്തുകൊണ്ടാണെന്ന് മനസിലാക്കുവാൻ പ്രയാസം. ആ പടയാളികൾ വാസ്തവത്തിൽ ഉറങ്ങിപ്പോയെങ്കിൽ, കർത്താവിന്റെ ശരീരത്തിന് എന്തു സംഭവിച്ചു എന്ന് അവർക്ക് എങ്ങനെ അറിയുവാൻ കഴിയും?

**ഇന്നുവരെ** എന്ന പ്രയോഗം (11:23 നോക്കുക) സൂചിപ്പിക്കുന്നത്, മത്തായി ഈ പുസ്തകം എഴുതുമ്പോഴും ആ നുണക്കഥ പരന്നുകൊണ്ടിരുന്നു എന്നാണ്, ഒരുപക്ഷെ ഉയർത്തെഴുന്നേൽപിന് മുപ്പതുവർഷങ്ങൾക്കു ശേഷവും അതു തുടർന്നിരുന്നു. ജസ്റ്റിൻ മാർട്ടിർ പറഞ്ഞതനുസരിച്ച്, ആ വഞ്ചന രണ്ടാം നൂറ്റാണ്ടിലും പ്രചരിച്ചിരുന്നു. യെഹൂദന്മാർ പറഞ്ഞത്, "രാത്രിയിൽ ശിഷ്യന്മാർ വന്ന് അവനെ ക്രൂശിൽനിന്നും ഇറക്കി അടക്കിയിരുന്ന സ്ഥലത്തുനിന്നും, അവന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി, അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്തു എന്നും പറഞ്ഞു അവർ ആളുകളെ വഞ്ചിക്കുകയായിരുന്നു."[16]

**ഉയർത്തെഴുന്നേൽപിനുശേഷമുള്ള പ്രത്യക്ഷതകൾ (അദ്ധ്യാ. 28)**

യേശു വാസ്തവത്തിൽ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതിന് നമുക്കുള്ള തെളിവ് എന്താണ്? എല്ലാറ്റിലും, ഉയർത്തെഴുന്നേൽപിനു-ശേഷ മുള്ള (പൗലൊസിന് അടക്കമുള്ള) പന്ത്രണ്ടു പ്രത്യക്ഷതകൾ നാം വായി ക്കുന്നു. ഉയർത്തെഴുന്നേൽപ്പ് സത്യമായ ചരിത്രം ആയിരുന്നു. ലൂക്കൊസ് എഴുതി, "അവൻ കഷ്ടം അനുഭവിച്ച ശേഷം നാൽപതു നാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട്, താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളെ അവർക്ക് കാണിച്ചു കൊടുത്തു" (പ്രവൃ. 1:3).

യേശു മഗ്ദലക്കാരത്തി മറിയക്കും (മർ. 16:9; യോഹ. 20:14-17), കല്ലറ വിട്ടുപോയ സ്ത്രീകൾക്കും (28:9, 10) പ്രത്യക്ഷനായി. ലൂക്കൊസിൽനിന്നും പൗലൊസിൽനിന്നും അവൻ പത്രൊസിനു പ്രത്യക്ഷനായ വിവരം നമുക്ക് ലഭിച്ചിരിക്കുന്നു (ലൂക്കൊ. 24:34; 1 കൊ. 15:5). എമ്മവുസിലേക്കുള്ള വഴി യിൽവെച്ച് അവൻ രണ്ടു ശിഷ്യന്മാർക്ക് പ്രത്യക്ഷനായിരുന്നു, അവരിൽ ഒരാൾ ക്ലെയോപ്പാവ് ആയിരുന്നു (ലൂക്കൊ. 24:13-35). അപ്പൊസ്തലന്മാർ ഒരുമിച്ചിരു ന്നപ്പോൾ അവൻ അവർക്ക് പ്രത്യക്ഷനായി-ആദ്യം തോമസ് അവരോടുകൂടെ ഇല്ലായിരുന്നു (യോഹ. 20:19, 24) പിന്നെ അടുത്തയാഴ്ച്ച അവരെല്ലാവരും സന്നിഹിതരായിരുന്നപ്പോൾ അവൻ പ്രത്യക്ഷനായി (യോഹ. 20:26). പിന്നീട് അവൻ ഏഴ് അപ്പൊസ്തലന്മാർക്ക് ഗലീലാക്കടലരികിൽ വെച്ച് പ്രത്യക്ഷന ായി (യോഹ. 21:1-23). പിന്നെ അവൻ അവർക്ക് ഗലീലിയിലെ പേർ പറയാത്ത ഒരു പർവ്വതത്തിൽ, അവൻ അരുളിച്ചെയ്തതുപോലെ പ്രത്യക്ഷനായി, അവൻ മഹത്തായ ആജ്ഞ നൽകി (28:18-20). ഒരിക്കൽ അവൻ അഞ്ഞൂറിലധികം ശിഷ്യന്മാർക്കും അവന്റെ സഹോദരനായ യാക്കൊബിന്നും പ്രത്യക്ഷനായ തായി പൗലൊസ് എഴുതിയിരിക്കുന്നു (1 കൊ. 15:6, 7). പിന്നീട്, സ്വർഗാരോ ഹണത്തിന് മുൻപ് പതിനോരുവർക്ക് പ്രത്യക്ഷനായി (ലൂക്കൊ. 24:50, 51; പ്ര വൃ. 1:3-12). പൗലൊസ് എഴുതി, "എല്ലാവർക്കും ഒടുവിൽ, അകാലപ്രജയായ എനിക്കും അവൻ പ്രത്യക്ഷനായി" (1 കൊ. 15:8).

യേശു ഉയർത്തെഴുന്നേറ്റില്ലായിരുന്നുവെങ്കിൽ ഉണ്ടാകുവാനിടയുള്ള നി ഷേധങ്ങളായ അനന്തരഫലങ്ങളെ കുറിച്ചു പറഞ്ഞശേഷം, പൗലൊസ് എഴു തി, "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയർത്തിരിക്കുന്നു" (1 കൊ. 15:20). ലാസറിന്റെ സഹോദരി മാർത്തയോട്, യേശു പറഞ്ഞു, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാ കുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" (യോഹ. 11:25, 26). അവൻ ഉയർത്തെഴുന്നേറ്റിരിക്കയാൽ പൗലൊസിനോടുകൂടെ നമുക്കും പറയാം, "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം" (1 കൊ. 15:57).

**"അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു" (28:1-17)**

കല്ലറക്കല്ലുകൾ പറയുന്നത്, മേലെഴുത്ത് എന്തു തന്നെയായാലും, "ജീവിച്ചിരുന്ന ഒരാളാണ് ഇവിടെ കിടക്കുന്നത്; പക്ഷെ മരിച്ചിരിക്കുന്നു"

എന്നാണ്. പക്ഷെ യേശുവിന്റെ കല്ലറ ശൂന്യമായിരുന്നു. അതിനു മറ്റൊരു കഥയാണ് പറയുവാനുള്ളത്. യേശു മരിച്ച ദിവസം ചരിത്രത്തിലെ ഏറ്റവും ഇരുണ്ട ദിവസമായിരുന്നു, എന്നാൽ മൂന്നു ദിവസത്തിനുശേഷം കാര്യങ്ങൾ മാറി. യേശു ഇപ്പോഴും മരിച്ചവനായി തന്നെ ഇരുന്നാൽ "നമ്മളെല്ലാവരും അരിഷ്ടമനുഷ്യരാകും" എന്നാണ് (1 കൊ. 15:19).

ആ നിയമപരമായ അടിസ്ഥാനത്തിന്മേലുള്ള ഉയർത്തെഴുന്നേൽപിൽ നമുക്ക് പ്രത്യാശ വെച്ചുകൂടെ?

*ഉയർത്തെഴുന്നേൽപ് പ്രവചിച്ചിരുന്നു* (28:6). അതു പഴയനിയമത്തിൽ പ്രവചിച്ചിരുന്നു (സങ്കീ. 16:8–11; യെശ. 53:10–12; ഹോശെ. 6:2), യേശു തന്നെ പലപ്പോഴും അതിനെ കുറിച്ചു മുന്നറിയിച്ചിരുന്നു (16:21; 17:23; 20:19; 27:40, 63; യോഹ. 2:19).

*ഉയർത്തെഴുന്നേൽപ് തെളിയിച്ചു* (28:7–10). കല്ലറ ശൂന്യമായിരുന്നു എന്ന തെളിവ് ദൃക്സാക്ഷികൾ ഉറപ്പിച്ചു. അതിനുപുറമെ, അവന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ വന്ന മാറ്റവും യേശു മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റു എന്നു തെളിയിക്കുന്നതായിരുന്നു. കർത്താവ് ഉയർത്തെഴുന്നേറ്റു എന്നു സാക്ഷ്യപ്പെടുത്തുന്നതാണ് ഇന്നു നിലനിൽക്കുന്ന സഭ.

*ഉയർത്തെഴുന്നേൽപ് സംശയത്തോടെയാണ് സ്വീകരിച്ചത്* (28:11–17). തെളിവുകളെല്ലാമുണ്ടായിട്ടും പ്രാരംഭത്തിൽ ആളുകൾ സംശയിച്ചു. ഉയർത്തെഴുന്നേൽപ് വിശദമാക്കുവാൻ പല ശ്രമങ്ങളും നടന്നിരുന്നു.

ഉയർത്തെഴുന്നേൽപ് എന്തു വ്യത്യാസമാണ് വരുത്തുന്നത്? അതു വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവരിൽ നിത്യമായ അന്തരമാണ് വരുത്തുന്നത്.

### യേശു ജീവിക്കുന്നു (28:1-10)

അരിമഥ്യക്കാരനായിരുന്ന യോസേഫും നിക്കൊദേമൊസും യേശുവിന്റെ ശരീരം യോസേഫിന്റെ കല്ലറയിൽ അടക്കിയശേഷം, അവർ ശബ്ബത്തിന്റെ ഒരുക്കത്തിനായി വീട്ടിലേക്ക് തിരിച്ചുപോയി. അതായിരുന്നു കാര്യങ്ങളുടെ അവസാനമെങ്കിൽ, നമുക്ക് എല്ലാവർക്കും ദുഃഖിക്കുവാൻ വകയുണ്ടായിരുന്നു - കാരണം നാം പ്രത്യാശയില്ലാത്ത ലോകത്തിൽ ജീവിക്കുന്നവരാകും. പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതി, "നാം ഈ ലോകത്തിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നവരാണെങ്കിൽ, നാം സകല മനുഷ്യരിലും അരിഷ്ടരായിരിക്കും" (1 കൊ. 15:19). എന്തുകൊണ്ട്? യേശു മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, നമ്മുടെ പ്രസംഗവും വിശ്വാസവും വ്യർത്ഥം. ഉയർത്തെഴുന്നേറ്റ യേശുവിനെ കണ്ടു എന്നു പറഞ്ഞവർ കള്ളന്മാരായി തീരുകയും, നാം ഇപ്പോഴും നമ്മുടെ പാപങ്ങളിൽ ഇരിക്കുന്നവരുമാകും, മാത്രമല്ല, കർത്താവിൽ മരിച്ചവരും നശിച്ചുപോയി. അതിനുപറമെ, ഈ ലോകം ഒരു രക്ഷകനില്ലാതെയുമാകും (1 കൊ. 15:14–18)! അതിനെതിരായി പൗലൊസ് പറഞ്ഞു, "ഇപ്പോൾ ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു നിദ്രകൊണ്ടവർക്ക് ആദ്യഫലമായി ഉയർത്തെഴുന്നേറ്റിരിക്കുന്നു" (1 കൊ. 15:20). അവൻ മറ്റൊരു ഭാഗത്ത് പറഞ്ഞു, "അവൻ ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും, ഉയർത്തെഴുന്നേറ്റിരിക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രനെന്ന് ശക്തിയോടെ നിർണ്ണയിക്കയും ചെയ്തിരിക്കുന്നു" (റോമർ. 1:4).

യേശു മരിച്ച ദിവസം, ആലങ്കാരികമായും അക്ഷരികമായും, മനുഷ്യ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട ദിവസമായിരുന്നു. അവനെ വീണ്ടും ജീവനോടെ കാണുമെന്ന് അവന്റെ അടുത്ത സ്നേഹിതർ പോലും വിചാരിച്ചിരുന്നില്ല. അവന്റെ ശിഷ്യന്മാർ യെരുശലേമിലെ ഏതോ മാളികമുറിയിൽ ഒളിച്ചിരിക്കുകയായിരുന്നു (യോഹ. 20:19). അവൻ മറ്റുള്ളവരെ ഉയർപ്പിക്കുന്നത് കണ്ടിരുന്നു എങ്കിലും, അവൻ ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് അവർ വാസ്തവത്തിൽ വിചാരിച്ചിരുന്നില്ല. എങ്ങനെയായാലും, ആ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കല്ലറയിൽ അവന്റെ ശരീരം കാണാതായപ്പോൾ അവയ്ക്കെല്ലാം മാറ്റമുണ്ടായി. അവനെ ജീവനോടെ കണ്ടുവെന്ന അത്ഭുതകരമായ വാർത്ത അവന്റെ ശിഷ്യന്മാരിൽ ഓരോരുത്തരിൽനിന്നു വ്യാപിക്കുവാൻ തുടങ്ങി. ചിലർ അവനോടുകൂടെ നടന്നു, സംസാരിക്കുകയും, ഭക്ഷിക്കുകയും ചെയ്തു. അത് ഏതാനും മതഭ്രാന്തന്മാരുടെ തീവ്രമായ ദുഃഖത്തിൽ നിന്നുരുത്തിരിഞ്ഞ തോന്നലായിരുന്നില്ല എന്നു തെളിയുന്നതായിരുന്നു. യേശു വാസ്തവത്തിൽ ജീവിക്കുന്നു! ആ ഒരൊറ്റ വസ്തുത കാര്യങ്ങളെയെല്ലാം മാറ്റി.

### യേശുവിനെ അനുഗമിച്ച സ്ത്രീകൾ (28:1-10)

യെഹൂദ സമൂഹത്തിൽ സ്ത്രീകളെ ചിലപ്പോൾ, വിലകുറച്ചായിരുന്നു കണ്ടിരുന്നതെങ്കിലും,[17] യേശു അവരെ വിലയുള്ളവരായിട്ടാണ് കണ്ടിരുന്നത്. ദൈവം സൃഷ്ടിയുടെ ആരംഭത്തിൽ അവരെ കണ്ടിരുന്നതുപോലെയായിരുന്നു അവൻ കണ്ടിരുന്നത്. അവന്റെ ശുശ്രൂഷയിൽ അവർ വഹിച്ച പങ്ക് താഴെ കൊടുത്തിരിക്കുന്നത് നോക്കുക.

1. രക്ഷിക്കുന്ന തുല്യവിലയുള്ളവവരായിരുന്നു അവർ (യോഹ. 4:1–42).
2. അവന്റെ ശിഷ്യരായി അവരെ വിളിച്ചിരുന്നു (12:48–50).
3. അവർക്ക് നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു (ലൂക്കൊ. 10:38–42).
4. യേശുവിന്റെ ശുശ്രൂഷക്ക് അവർ സംഭാവന ചെയ്തു (ലൂക്കൊ. 8:1–3).
5. അവർ യേശുവിനോടുകൂടെ സഞ്ചരിച്ചിരുന്നു (27:55, 56).
6. അവന്റെ ഇരുണ്ട നാഴികയിലും അവർ വിശ്വസ്തരായിരുന്നു (27:55, 56).
7. അവരായിരുന്നു യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ് സാക്ഷീകരിച്ചത് (28:7, 10; മർ. 16:9, 10; ലൂക്കൊ. 24:1–10; യോഹ. 20:18).[18]

ഡേവിഡ് സ്റ്റുവർട്ട്

### മഗ്ദലക്കാരത്തി മറിയ (28:1)

ചരിത്രത്തിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട സ്ത്രീയായിരുന്നു മഗ്ദലക്കാരത്തി മറിയ. അവളെ വേശ്യ എന്നു വിളിച്ചിരുന്നു, എന്നാൽ പുതിയനിയമം അതു വാസ്തവമെന്നു പറയുന്നില്ല. ആധുനിക കെട്ടുകഥകൾ പറയുന്നത് അവൾ യേശുവിനെ വഴി തെറ്റിക്കുവാൻ ശ്രമിച്ചുവെന്നും, അവൾ അവന്റെ ഭാര്യയായിരുന്നുവെന്നു പോലും തെറ്റിദ്ധരിപ്പിച്ചു. വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീ അവളായിരുന്നു എന്നും (യോഹ. 8:1–11), അല്ലെങ്കിൽ യേശുവിന്റെ കാൽ തുടച്ച് സുഗന്ധ തൈലം പൂശി കാൽ ചുംബിച്ച പാപിയായ സ്ത്രീ അവളായിരുന്നു എന്നും പലരും തെറ്റായി ധരിച്ചിരിക്കുന്നു (ലൂക്കൊ. 7:37, 38). പക്ഷെ അവൾ ഇവരാരും ആയിരുന്നില്ല. എന്നാൽ അവൾ ആരായിരുന്നു?

അവൾ മഗ്ദലയിൽനിന്നുള്ളവളായിരുന്നു, അത് ഗലീലാ കടലിന്റെ

തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്ത സ്ഥലം ആയിരുന്നു (15:39 ന്റെ പരാമർശം നോക്കുക). അവൾ യേശുവിനെ സ്നേഹിച്ചിരുന്നു, പക്ഷെ ആ സ്നേഹം ലൈംഗികമായ ഒന്നായിരുന്നില്ല. അവൻ അവളിൽനിന്ന് ഏഴു ഭൂതങ്ങളെ പുറത്താക്കിയതുകൊണ്ടാണ് അവൾ യേശുവിനെ സ്നേഹിച്ചത് (മർ. 16:9; ലൂക്കൊ. 8:2). അതിനുശേഷം അവൾ യേശുവിൽ സമർപ്പിക്കപ്പെട്ട ഒരു അനുയായിയായിത്തീർന്നു അവന്റെ ശുശ്രൂഷയിൽ അവനെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു (ലൂക്കൊ. 8:2, 3). യേശു മരിച്ചപ്പോൾ ക്രൂശിനടുത്ത് അവസാനത്തോളം നിന്നവളായിരുന്നു മറിയ (27:56; മർ. 15:40; യോഹ. 19:25), ഉയിർത്തെഴുന്നേറ്റ അതികാലത്ത് കല്ലറക്കൽ ആദ്യം എത്തിയവരിലും അവളുണ്ടായിരുന്നു (മർ. 16:1). മർക്കൊസ് 16:9 അനുസരിച്ച് യേശു പ്രത്യക്ഷനായതും ആദ്യം അവൾക്കായിരുന്നു.

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. എം. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 746. [2]ഇബിഡ്., 386. [3]ഇബിഡ്., 909–10. [4]ഈ പ്രയോഗം പ്രവൃ. 20:7 ലും കാണാം, അവിടെ ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടിവന്നതായിരുന്നു. ആ വാക്യത്തിൽ, എൻഈബി തെറ്റായി "ശനിയാഴ്ച്ച രാത്രി" എന്നു തർജിമ ചെയ്തിരിക്കുന്നു. [5]"ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം ഇരുട്ടുള്ളപ്പോൾ തന്നെ ... മഗ്ദലക്കാരത്തി മറിയ കല്ലറക്കൽ എത്തിയതായി യോഹന്നാൻ പറഞ്ഞിരിക്കുന്നു" (യോഹ 20:1). മറിയ മാത്രമായി ഇരുട്ടുള്ളപ്പോൾ എത്തിയതായി പറഞ്ഞിരിക്കുന്നത് ചില പണ്ഡിതന്മാർ അത് സംക്ഷിപ്തവിവരണത്തിൽ പറഞ്ഞതിനേക്കാൾ ആദ്യത്തെ യാത്രയായി കണക്കാക്കുന്നു. എങ്ങനെയായാലും, നാം സുവിശേഷവിവരങ്ങൾ മുഴുവൻ എടുക്കുമ്പോൾ, അവൾ മറ്റു സ്ത്രീകളോടുകൂടെയാണ് പോയത് എന്നു വ്യക്തമാകും. അവൾ മറ്റു സ്ത്രീകളോടുകൂടെയാണ് വന്നതെങ്കിലും, യോഹന്നാൻ ശ്രദ്ധ ചെലുത്തിയത് മറിയയിലാണ്. അതിനു പുറമെ, സൂര്യൻ ഉദിച്ചുവരുമ്പോഴും ഇരുട്ടുണ്ടാകുവാൻ സാധ്യതയുണ്ട്. സംക്ഷിപ്ത എഴുത്തുകാർ പറഞ്ഞിരിക്കുന്നതു തന്നെയാണ് യോഹന്നാനും പറഞ്ഞത്, പക്ഷെ മറ്റൊരു ദിശയിൽകൂടെയായിരുന്നു എന്നു മാത്രം. [6]മൈക്കൾ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി*, വാല്യം, 1, *മാത്യു, മാർക്ക്, ലൂക്ക്*, എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 185. സീ ദ മാപ് ഇൻ ഡി. ആർ. ബോവെസ്, "എർത്ക്വേക്ക്," *ഇൻ ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ* എഡി. മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1975), 2:179. [7]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 169. [8]ഇബിഡ്. [9]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു: ഏ കമെന്ററി ഓൺ ഹിസ് ലിറ്ററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 588. [10]ഉയർത്തെഴുന്നേറ്റ ശരീരത്തോടെ യേശുവിനു ചുമരുകൾക്കകത്തേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നു (യോഹ. 20:19, 26).

[11]ഭയന്നു മരിച്ചതുപോലെയായ കാവൽക്കാർക്ക് ദൂതന്മാർ ആശ്വാസ

വാക്കുകൾ നൽകിയില്ല എന്നു ശ്രദ്ധിക്കുക. [12]വിൽക്കിൻസ് 185. [13]ഡഗ്ലസ് ആർ.എ.ഹെയർ, *മാത്യു, ഇന്റർപ്രെട്ടേഷൻ* (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 331. നോക്കുക, ജോസെഫസ് ആന്റികിറ്റിസ് 4.8.15.; മിഷ്നാ രോഷ് ഹഷനാ 1.8. [14]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 740. [15]ലേവിസ്, 171. [16]ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 108. [17]നോക്കുക, ജോസെഫസ് *എഗൻസ്റ്റ് അപിയോൻ* 2.25. അവരുടെ വില കുറഞ്ഞ നില വാരം "സ്ത്രീകൾ, അടിമകൾ, കുട്ടികൾ" എന്നിവരോടുള്ള സമീപനത്തിൽ കാണാം (മിഷ്നാ *സുകാ* 2.8; ബെരാകോത് 3.3). [18]അഡാപ്റ്റഡ് ഫ്രം വിൽക്കിൻസ്, 181.